# കേരള വനം വകുപ്പ്
# നെന്മാറ വനം ഡിവിഷൻ
## ഇ-ദർഘാസ്പരസ്യം

**KFDDO/32079/2026-DFONMR/D** തീയതി : **15.05.2026**

കേരള വനം വകുപ്പിലെ നെന്മാറ ഡിവിഷനിൽ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് പരിചയസമ്പന്നരായ നിശ്ചിതയോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഓൺലൈൻ ദർഘാസ് ക്ഷണിക്കുന്നു. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം ദർഘാസ് പ്രമാണവില എന്നിവ **State Bank of India** ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളിൽ **NEFT** വഴിയോ ഓൺലൈനിൽ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ് സൈറ്റിലൂടെ ഓൺലൈനായി മാത്രമെ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ താമസിച്ചു സമർപ്പിക്കുന്ന ടെണ്ടറുകളുടെ സ്വീകരിക്കുന്നതല്ല. ഇ-ടെണ്ടർ സംബന്ധിക്കുന്ന നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

ദർഘാസ് ഫോറത്തിന്റെ വില, പ്രവൃത്തിയുടെ ഉദ്ദേശിക്കുന്ന അടങ്കൽ തുക എന്നിവ താഴെപറയും പ്രകാരമാണ്. ടി വിവരങ്ങൾ ഏകദേശം മാത്രമാണ്. യഥാർത്ഥ തുകയും വിവരങ്ങളും ഓൺലൈനിൽ ലഭ്യമായിരിക്കും.

**പട്ടിക**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ദർഘാസ് ഫോറത്തിന്റെ വില | ജോലി പൂർത്തിയാക്കാനുള്ള കാലാവധി |
|---|---|---|---|---|---|
| 1 | Cost of construction of 95 Permanent Cairns along the various forest boundaries under Choolannur Section of Alathur Range during 2026-27 | 9,53,000/- | 23,900/- | 2000/- (GST @18% Extra) | കരാർ തീയതി മുതൽ 9 മാസം |

| | |
|---|---|
| ദർഘാസ് പ്രമാണങ്ങളുടെ വില്പന | www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ് |
| ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും | **15.05.2026 @ 5 PM** |
| ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും | **23.05.2026 Up to 5 PM** |
| ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നെന്മാറ<br>**26.05.2026 രാവിലെ 11.00 മണിയ്ക്ക്** |
| കരാറുകാരന്റെ ക്ലാസ്സ് | A, B, C, D Class PWD ലൈസൻസ് ഉള്ളവർ. |
| കരാർ കാലാവധി | എഗ്രിമെന്റ് വയ്ക്കുന്ന തീയതി മുതൽ 270 ദിവസം |

ഓൺലൈൻ ടെണ്ടറിനോടൊപ്പം ഒപ്പിട്ട പ്രാഥമിക ഉടമ്പടി, സ്കാൻ ചെയ്ത മറ്റു രേഖകളുടെ പകർപ്പ്, PWD സൂപ്രണ്ട് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പാൻ കാർഡ്, ആധാർ കാർഡ്, ജി. എസ്. ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇ-പേയ്മെന്റ് ഫോം, ബിഡ് ഡോക്യുമെന്റ്, BoQ, EMD ഒഴിവാക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ) മുതലായവ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC/KITM നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ് ഡെസ്കിൽ നിന്നോ, ഈ ഓഫീസിൽ നിന്നോ, റെയ്ഞ്ച് ഓഫീസുകളിൽ നിന്നോ ഓഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംങ്ങ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇവ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ടെക്നിക്കൽ ബിഡും, ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാതു കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്‌ലോഡു ചെയ്യുന്നതിനും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും ഡിപ്പാർട്ടുമെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ടെണ്ടർ തുറക്കുന്ന തിയ്യതി ഒരു പൊതു അവധിയായി പ്രഖ്യാപിക്കുകയോ, സാങ്കേതികമായ മറ്റേതെങ്കിലും കാരണങ്ങളാലോ ടെണ്ടർ തുറക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെണ്ടർ തുറക്കുന്നതായിരിക്കും.ദർഘാസ് സമർപ്പിച്ചിട്ടുള്ള കരാറുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസ് തുറക്കുന്നതാണ്. കരാറുകാരോ അവരുടെ പ്രതിനിധികളോ സന്നിഹിതരല്ലെങ്കിലും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസ് തുറക്കുന്നതാണ്. ഇ-ദർഘാസിലെ ഏതൊരു പ്രവർത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു.ദർഘാസ് സംബന്ധമായ കേരള പൊതുമരാമത്തു വകുപ്പിലും വനംവകുപ്പിലും നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും.

DIVISIONAL FOREST OFFICE ★ NENMARA ★
Date:..............

പ്രവീൺ.പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ.
(കേരള ഗവർണർക്കുവേണ്ടി)